ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18.10.2024**

## പ്രധാനവാർത്തകൾ

**1. മലാവി സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി പ്രസിഡന്റുമായും നേതൃത്വവുമായും ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.**

**2. കർമ്മയോഗി സപ്താഹ് - ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തുടക്കം കുറിക്കും**

**3.വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയില്ലാതെ അസാധ്യമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. മൻ കി ബാത് ക്വിസ് - പ്രഭാഷണ മത്സരങ്ങളുടെ നാലാം സീസൺ തിരുവനന്തപുരത്ത് കേന്ദ്രസഹമന്ത്രി ഉദ്ഘാടനം ചെയ്യു.**

**4. വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റും വീസ തട്ടിപ്പുകളും തടയുന്നതിന് കർമ്മസേനയെ രൂപീകരിച്ച് സംസ്ഥാന സർക്കാർ.**

**5. കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്**

********************************

RNU TVPM

## രാഷ്ട്രപതി

മലാവി സന്ദർശനത്തിന്റെ രണ്ടാം ദിവസം രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി നേതൃത്വവുമായി ഉഭയകക്ഷി യോഗങ്ങളും പ്രതിനിധിതല ചർച്ചകളും നടത്തും. രാഷ്ട്രപതി മലാവിയുടെ പ്രസിഡന്റുമായി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. വിവിധ വിഷയങ്ങളിൽ പ്രതിനിധിതല യോഗങ്ങളും ഇന്ന് നടക്കും. മാലാവിയിലെ നാഷണൽ വാർ മെമോറിയലും രാഷ്ട്രപതി സന്ദർശിക്കും. കഴിഞ്ഞ ദിവസം വൈകുന്നേരം നടന്ന കമ്മ്യൂണിറ്റി പരിപാടിയിൽ ഇന്ത്യൻ പ്രവാസികളുമായി രാഷ്ട്രപതി സംവദിച്ചു .

********************************

## കർമ്മയോഗി - പ്രധാനമന്ത്രി

കർമ്മയോഗി സപ്താഹ് - ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തുടക്കം കുറിക്കും. ന്യൂഡൽഹിയിലെ ഡോ. അംബേദ്കർ അന്താരാഷ്ട്ര കേന്ദ്രത്തിലാണ് പരിപാടി. ദേശീയ പഠനവാരത്തിലൂടെ കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. "ഒരു സർക്കാർ" എന്ന സന്ദേശം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു.

RNU TVPM

********************************

## കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് ഇൻട്രോ

വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയില്ലാതെ സാധ്യമല്ലെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത് പരിപാടിയെ ആസ്പദമാക്കി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിക്കുന്ന ക്വിസ് - പ്രഭാഷണ മത്സരങ്ങളുടെ നാലാം സീസൺ കാര്യവട്ടം LNCPE യിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി.

യുവജനങ്ങളെയും, യുവ ശക്തിയെയും, കായിക മേഖലയെയും, മൻ കി ബാത്തിലെ പ്രധാനമന്ത്രിയുടെ ആശയങ്ങളെയും ആഘോഷിക്കുന്ന വേദിയാണിതെന്ന് ശ്രീ.ജിതേന്ദ്ര സിംഗ് പറഞ്ഞു. ലോകം ഇന്ത്യയിലെ യുവശക്തിയുടെ കഴിവ് അംഗീകരിച്ചതിലൂടെ അവരുടെ ആത്മവിശ്വാസം വർധിച്ചതായും ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു.

(ഹോൾഡ്)

മൻ കി ബാത് കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ കേന്ദ്ര സഹമന്ത്രി വിതരണം ചെയ്തു. മുൻകേന്ദ്ര സഹമന്ത്രി വി മുരളീധരൻ, നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ എം അനിൽ കുമാർ, തുടങ്ങിയവർ സംബന്ധിച്ചു.

*********************************

RNU TVPM

## നവീൻ ബാബു - അന്വേഷണം

കണ്ണൂർ എ ഡി എം. കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കലക്ടറിൽ നിന്ന് അന്വേഷണ സംഘം ഇന്ന് മൊഴി രേഖപ്പെടുത്തും. ജില്ലാ കലക്ടറുടെ സാന്നിധ്യത്തിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ വച്ചായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ എ ഡി എമ്മിന് എതിരെ പരാമർശം നടത്തിയത്. പിറ്റേദിവസം രാവിലെയാണ് എഡിഎമ്മിനെ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയത്. അതിനിടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവെച്ച പി.പി ദിവ്യ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യ ഹർജി സമർപ്പിക്കുമെന്നാണ് വിവരം. പ്രസിഡന്റ് സ്ഥാനത്തേക്ക് പരിയാരം ഡിവിഷനിൽ നിന്നുള്ള കെ.കെ.രത്നകുമാരിയെ നിയോഗിക്കാൻ സി.പി. ഐ.എം. ജില്ലാ സെക്രട്ടേറിയറ്റ് ഇന്നലെ തീരുമാനിച്ചിരുന്നു.

***********************************

## മന്ത്രി വി ശിവൻകുട്ടി - പി പി ദിവ്യ

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യയ്ക്ക് എതിരായ നടപടി ഉചിതമായ തീരുമാനം എന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വിഷയത്തിൽ അന്വേഷണം നടക്കുന്നുവെന്നും കളക്ടർക്കെതിരായ വിമർശനവും സർക്കാർ അന്വേഷണത്തിൻറെ ഭാഗമാണെന്നും മന്ത്രി കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

***********************************

## ദേശീയ സമ്മേളനം-ആരോഗ്യമന്ത്രി

നാഡീ വികാസത്തിലെ പ്രശ്നങ്ങളുടെ മുൻനിർണയവും ആവശ്യമായ ഇടപെടലുകളും പ്രമേയമാക്കിയ ദ്വിദിന ദേശീയ സമ്മേളനം തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ തിരുവനന്തപുരത്ത് നടക്കും. മെഡിക്കൽ കോളേജ്, ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ ഗുൽമോഹർ ഹാളിൽ നടക്കുന്ന പരിപാടി ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഓട്ടിസം, ADHD, സെറിബ്രൽ പാൾസി തുടങ്ങിയവയുടെ ആദ്യകാല രോഗനിർണയ രീതികളും പുരോഗതികളും ഉപയോഗിച്ച് ആരോഗ്യ വിദഗ്ധരെ സജ്ജരാക്കുക എന്നതാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

RNU TVPM

***********************************

## പാലക്കാട് ഇലക്ഷൻ-ഇൻട്രോ

പാലക്കാട് ഉപതിരഞ്ഞെടുപ്പിന്റെ മത്സര ചിത്രം തെളിയുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

(വോയ്സ്)

*********************************

## ഹൈക്കോടതി

കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷം സംസ്ഥാനത്തിന് 782 കോടി രൂപ സെൻട്രൽ റിലീഫ് ഫണ്ടിൽ നിന്ന് അനുവദിച്ചതായി കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എടുത്ത സുവോ മോട്ടു കേസ് പരിഗണിക്കുകയായിരുന്നു ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച്. അടിയന്തരമായി പണം അനുവദിക്കാനുള്ള നടപടികൾ നടന്നു വരികയാണെന്ന് കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു. എന്നാൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്രം അനുവദിച്ചിട്ടില്ലന്ന് കേരളം ചൂണ്ടിക്കാട്ടി.

*********************************

## ടാസ്ക് ഫോഴ്സ്

വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റും വീസ തട്ടിപ്പുകളും തടയുന്നതിന് ശക്തമായ നടപടിയുമായി സംസ്ഥാന സർക്കാർ. ഇത്തരം തട്ടിപ്പുകളിൽ ഫലപ്രദമായ നടപടി ഉറപ്പുവരുത്തുന്നതിനായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലെ പ്രൊട്ടക്ടർ ഓഫ് ഇമിഗ്രൻറ്സ് ഉദ്യോഗസ്ഥർ, എൻആർഐ സെൽ പോലീസ് സൂപ്രണ്ട് എന്നിവർ അംഗങ്ങളായി കർമ്മസേനയെ രൂപീകരിച്ച് ഉത്തരവായി. റിക്രൂട്ട്മെന്റ് സംബന്ധിച്ച പരാതികളിൽ കർശനമായ നടപടികൾ സ്വീകരിക്കാൻ ലക്ഷ്യമിട്ടുള്ള നോർക്കയുടെ ഓപ്പറേഷൻ ശുഭയാത്രയുടെ ഭാഗമായാണ് നടപടി.

*********************************

## മഴ

RNU TVPM

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കന്യാകുമാരി തീരത്തും ജാഗ്രതാ നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************************

## നാശനഷ്ടം- റിപ്പോർട്ട്

തലശ്ശേരി പെട്ടിപ്പാലം ഭാഗത്ത് കള്ളക്കടൽ പ്രതിഭാസത്തെ തുടർന്നുണ്ടായ നാശനഷ്ടം സംബന്ധിച്ച് അടിയന്തിര റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് നിയമ സഭാ സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. മുഖ്യമന്ത്രിയുമായി ആലോചിച്ച് യുദ്ധകാല അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. പെട്ടിപ്പാലം കോളനി സ്പീക്കർ സന്ദർശിച്ചു.

RIU TVPM

********************************

## കണ്ണൂർ - എലിപ്പനി... ഇൻട്രോ

എലിപ്പനിക്കെതിരെ കണ്ണൂർ ജില്ലയിൽ ബോധവൽക്കരണം ഊർജ്ജിതമാക്കി. കന്നുകാലികൾ വഴിയും എലിപ്പനി വ്യാപിക്കാമെന്ന് ജില്ലാ ആരോഗ്യവകുപ്പ് അറിയിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയ്സ്)**

********************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 56 പോയിന്റ് കൂടി 81,071 യിലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിന്റ് ഉയർന്ന് 24,781 യിലും വ്യാപാരം തുടരുന്നു. സംസ്ഥാനത്ത് സ്വർണ വിലയിൽ വീണ്ടും കുതിപ്പ്. ഗ്രാമിന് 80 രൂപ വർദ്ധിച്ചു 7,240 രൂപയും പവന് 640 രൂപ ഉയർന്ന് 57,920 രൂപയുമാണ് ഇന്നത്തെ വില .

*********************************

## ട്രാൻസ്പോർട്ട് കമ്മീഷ്ണർ

പൊതുജനങ്ങൾക്ക് ട്രാൻസ്പോർട്ട് കമ്മീഷണറെ സന്ദർശിച്ച് പരാതികൾ സമർപ്പിക്കാം. എല്ലാ ചൊവ്വാഴ്ചയും രാവിലെ 11 മണി മുതലാണ് അനുമതിയെന്നും കമ്മീഷണർ അറിയിച്ചു.

PNU TVPM

*********************************

## അറസ്റ്റ്

ആനപ്പല്ല് കൈവശം വെച്ച രണ്ടു പേരെ ചെങ്ങന്നൂരിൽ നിന്ന് അറസ്റ്റ് ചെയ്തു. രക്ഷപെട്ട ഒരാൾക്കായി പോലീസ് തിരച്ചിൽ ആരംഭിച്ചു. ചെങ്ങന്നൂർ കെഎസ്ആർടി സി ബസ് സ്റ്റാൻഡിനു സമീപം പാർക്കിങ് ഗ്രൗണ്ടിൽ കാറിൽ സൂക്ഷിച്ചിരുന്ന ആനപ്പല്ലാണു പിടിച്ചെടുത്തത്. രഹസ്യ വിവരത്തി ന്റെ അടിസ്ഥാനത്തിലാണ് റാന്നി കരികുളം സ്റ്റേഷനിലെ വനപാലകർ ഇവരെ പിടികൂടിയത്. റാന്നി കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

*********************************

## പ്രതി പിടിയിലായി

ആലുവയിൽ ജിം ട്രെയിനറായ കണ്ണൂർ സ്വദേശി സാബിത്തിനെ കൊലപ്പെടുത്തിയ പ്രതി പോലീസ് പിടിയിലായി. ഫിറ്റ്നസ് സെൻറർ നടത്തുന്ന കൃഷ്ണപ്രതാപിനെയാണ് ബന്ധുവിന്റെ വീട്ടിൽനിന്ന് പോലീസ് അറസ്റ്റ് ചെയ്തത്. പണം ഇടപാടുകളെ കുറിച്ചുള്ള തർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് കരുതുന്നു.

*********************************************************************************************************

RNU TVPM